**പതിനാലാം കേരളനിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4627 26.10.2016 ന് മറുപടിയ്ക്ക്.

**പ്രോജക്ട് സാറ്റർഡേ പദ്ധതി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.ഡി.പ്രസേനൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വനം വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന "പ്രോജക്ട് സാറ്റർഡേ" കൊണ്ടുണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) "സാറ്റർഡേ പ്രോഗ്രാം" എന്ന പേരിൽ ഒരു പ്രത്യേക പരിപാടി വനം വകുപ്പിൽ നടപ്പിലാക്കിയതു വഴി റെയിഞ്ച് തലം മുതൽ വകുപ്പാസ്ഥാന ഓഫീസ് തലം വരെയുള്ള ഓഫീസുകളിൽ ദീർഘകാലമായി തീർപ്പാക്കാതെ കെട്ടിക്കിടന്ന ഫയലുകളുടെ ലിസ്റ്റ് തയ്യാറാക്കി അവ തീർപ്പാക്കുന്നതിനും, ഡിവിഷൻ തലത്തിലും സർക്കിൾ തലത്തിലും അദാലത്തുകൾ സംഘടിപ്പിച്ച് പഴയ ഫയലുകളിൽ തുടർ നടപടി സ്വീകരിക്കുവാനും അന്തിമമായി തീർപ്പാക്കുവാനും സാധിച്ചിട്ടുണ്ട്. കൂടാതെ സാറ്റർഡേ പ്രോഗ്രാം വഴി വനം വകുപ്പിലെ എല്ലാ ഓഫീസുകളും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനും ഓഫീസുകൾ ആധുനികവല്ക്കരിക്കുവാനും കഴിഞ്ഞിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി നടത്തിപ്പിന് കൈക്കൊണ്ട നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (ബി) "സാറ്റർഡേ പ്രോഗ്രാം" നടപ്പിലാക്കുന്നുവെന്ന ഉറപ്പ് വരുത്തുന്നതിനായി എല്ലാ ഓഫീസ് മേധാവികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ആഴ്ച തോറും അവലോകനം നടത്തി പുരോഗതി വിലയിരുത്തുന്നു. ഓരോ ജില്ലയിലേയും ഓഫീസുകൾ പരിശോധിച്ച് പ്രസ്തുത ഓഫീസുകളിൽ നടപ്പിലാക്കിയ പദ്ധതിയുടെ പുരോഗതി വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ വനം വകുപ്പ് ആസ്ഥാനത്തുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ/ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക് ചുമതല നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ